LIBRARY ARCHIVES Kerala Legislative Assembly

വില നിരീക്ഷണ സമിതി

82 (3591) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പോളത്തിൽ ക്രയവിക്രയം ചെയ്യുന്ന എല്ലാ സാധനങ്ങൾക്കും വിവിധ ഘട്ടങ്ങളിൽ ഈടാക്കുന്ന വില നിലവാരം സംബന്ധിച്ച് വിവരശേഖരണം നടത്തുന്നതിനായി 2011-12-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന "വില നിരീക്ഷണ സമിതി " രൂപീകരിച്ചിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സമിതിയിൽ എത്ര അംഗങ്ങളാണുള്ളത്; നിലവിലെ അംഗങ്ങൾ ആരെല്ലാം; വ്യക്തമാക്കാമോ;

(സി) ഇതുവരെയുള്ള കാലയളവിൽ പ്രസ്തുത സമിതി എത്ര യോഗങ്ങൾ ചേർന്നിട്ടുണ്ട്; പ്രസ്തുത സമിതിയുടെ കണ്ടെത്തലുകളും നിർദ്ദേശങ്ങളും എന്തെല്ലാമായിരുന്നു;

(ഡി) പ്രസ്തുത സമിതിയുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) വില നിരീക്ഷണ സമിതി രൂപീകരിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) നിലവിൽ 5 അംഗങ്ങളാണുള്ളത്. അവർ താഴെപ്പറയുന്നവരാണ്:

1. നികുതി വകുപ്പ് സെക്രട്ടറി, ചെയർമാൻ
2. വാണിജ്യ നികുതി വകുപ്പ് കമ്മീഷണർ
3. സിവിൽ സപ്ലൈസ് ഡയറക്ടർ
4. ഡയറക്ടർ, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
5. ഗ്രലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫൈനാൻസ് & ടാക്സേഷൻ (GIFT) - ൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗം.

(സി & ഡി) സമിതി രണ്ട് തവണ യോഗം ചേർന്നിട്ടുണ്ട്. നികുതി ചോർച്ച തടയുന്നതിനും നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിനുമായുള്ള നിർദ്ദേശങ്ങളാണ് പ്രധാനമായും വില നിരീക്ഷണ സമിതി ചർച്ച ചെയ്യുന്നത്. വിപണിയിലെ വിലയുമായി ബന്ധപ്പെട്ട് എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പുറത്തു കൊണ്ടുവരുന്ന സ്ഥിതി വിവരക്കണക്കുകളിൽ നികുതി ചുമത്തപ്പെടുന്ന ഉപഭോഗവസ്തുക്കളിൽ പ്രധാനപ്പെട്ടവയുടെ വിലനിലവാരം പ്രത്യേകമായി ശേഖരിച്ച് വിശകലനം ചെയ്തുവരുന്നു.